# ALL FOR YOU



## Govt.H.S.S. Vechoochira Colony

# ലിറ്റിൽ കൈറ്റ്സ്


## ഡിജിറ്റൽ മാഗസിൻ

**ഗവ. ഹയർ സെക്കന്ററി സ്കൂൾ വെച്ചൂച്ചിറ കോളനി**

**പത്തനംതിട്ട**

**PH: 04735 – 265442**


GOVT HIGHER SECONDARY SCHOOL


little
KITEs

# പത്രാധിപ സമിതി

ചീഫ് എഡിറ്റർ : എ. മിനി (ഹെഡ് മിസ്ട്രസ്)

സ്റ്റാഫ് എഡിറ്റേഴ്സ് : ഷൈലജ പി.എച്ച്.(കൈറ്റ് മിസ്ട്രസ്)
ഫിലിപ്പ് കെ.ജെ. ( കൈറ്റ് മാസ്റ്റർ )

സ്റ്റുഡന്റ് എഡിറ്റർ : അഭിജിത്ത് ജയൻ

സബ് എഡിറ്റർ :ഹരിനാരായണൻ ആർ.

സമിതി അംഗങ്ങൾ : മേഘ ആൻ ജോ
അരുന്ധതി വിജയകുമാർ

## സന്ദേശം

ഡിജിറ്റൽ പ്രളയകാലത്തിലാണ് നാം.
ചരിത്രത്തിൽ ഇടംപിടിച്ച് ഒരു പ്രളയകാലം കടന്നുപോയി
മഹാപ്രളയത്തിന്റെ അഗാധതയിൽ നിന്നും
ജീവന്റെ കര തേടുന്നവർക്ക്
വെച്ചൂച്ചിറ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ
നൽകുന്ന സൈബർതുരുത്താണിത്.
അതിരുകളില്ലാതെ ... ഏവർക്കുമായി

All for you ....

സ്നേഹാശംസകളോടെ

GOVT. HIGHER SECONDARY SCHOOL * VECHOOCHIRA COLONY * MANNADISALA PIN - 686511

MINI. A.
HEADMISTRESS
GOVT. H.S.S.
VECHOOCHIRA COLONY
MANNADISALA P.O.-686 511

## ആശംസ

വെച്ചൂച്ചിറ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന്റെ പ്രഥമ സംരംഭം.

ലിറ്റിൽ കൈറ്റ്സിന്റെ യത്നത്തിന്റെ സാഫല്യം.

അഭിമാനമുണ്ട്........... ഏറെ സന്തോഷവും..

'ഡിജിറ്റൽ എറ'യ്ക്ക് വെച്ചൂച്ചിറ ജി എച്ച് എസ് എസ് ന്റെ എളിയ ഉപഹാരം

അക്ഷരത്തുരുത്തിൽ അഭയം കണ്ടെത്താൻ ഏവർക്കും കഴിയട്ടെ

എന്നാശംസിക്കുന്നു.

All For You.......

**Kite Master**

**Philip K J**

**Kite Mistress**

**Shilaja P H**

# മുഖമൊഴി

സർഗാത്മകതയ്ക്ക്  ഡിജിറ്റൽ ഛായ.....

മികവുകൾക്ക് ഐ.ടി.സ്പർശം

വാമൊഴിയും വരമൊഴിയും ഡിജിറ്റൽ സങ്കേതങ്ങളുടെ നദിയിൽ സ്നാനം ചെയ്ത് മുഖം മിനുക്കിയെത്തുമ്പോൾ

ചെറിയകുട്ടിയുടെ കൗതുകത്തോടെ ഈ സൈബർ സമുദ്രതീരത്ത്

കുഞ്ഞുപട്ടങ്ങളുമായി ഒരു ചെറിയ യാത്ര...

All For You.....



ഉള്ളടക്കം

1.ചരിത്രം..................................................................................(പേജ് : 9-10)
2.പ്രളയം ....................................................................................(പേജ് : 11)
2. വേനൽമഴ...............................................................................(പേജ് : 12-13)
4. പ്രളയം( 2 )...............................................................................(പേജ് : 14)
5. നഗരത്തിലെ ഓണം....................................................................(പേജ് : 15)
6. പ്രളയപുസ്തകം ........................................................................(പേജ് :16-18 )
7. ഈ പെയ്യുന്ന മഴയിലിതാ ഞാനിങ്ങനെ.........................................(പേജ് : 19)
8. തോരാതെപെയ്യുന്ന മഴ ...............................................................( പേജ് : 20 )
9. ഓണക്കടം ..................................................................................(പേജ് : 21 )
10.കിനാവ് കാണുന്ന പക്ഷികൾ .....................................................(പേജ് :22 )
11.വരുമൊരോണക്കാലം..................................................................(പേജ് : 23)
12.ഗാർഹിക മാലിന്യസംസ്കരണം..............................................(പേജ് : 24-25)
13.മഴ പെയ്യുന്നു മദ്ദളം കൊട്ടുന്നു........................................................(പേജ് : 26)
14.കൃപാർപ്പണം.............................................................................(പേജ് : 27)
15.മഴയെപ്പുണരാൻ.......................................................................(പേജ് : 28)
16.മഴത്തുള്ളിത്താളം.....................................................................(പേജ് : 29)
17.It's Up ToYou.............................................................................(പേജ് : 30)
18.Three Things..............................................................................(പേജ് : 31)
19.Tech Corner...............................................................................(പേജ് : 32)
20.Art Gallery............................................................................... (പേജ് : 33)
21.Funny Quiz Corner......................................................................(പേജ് : 34)

# ചരിത്രം

ഗവ.ഹയർ സെക്കന്ററി സ്കൂൾ വെച്ചൂച്ചിറ കോളനി - 1954 ൽ യുപിസ്കൂളായി ഈ വിദ്യാലയം പ്രവർത്തനം ആരംഭിച്ചു .തിരുവിതാംകൂർ രാജഭരണത്തിന്കീഴില് സേവനമനുഷ്ഠിച്ച വിമുക്തഭടന്മാർക്കുവേണ്ടി 5 ഏക്കർ സ്ഥലം വീതം ഈ പ്രദേശത്തു അനുവദിച്ചു . ഈ വിമുക്തഭടന്മാരുടെ കുട്ടികൾക്ക് പഠിക്കുവാൻ വേണ്ടിയാണ അന്ന് ഈ വിദ്യാലയം അനുവദിച്ചത് .ഈ സ്കൂളിന്റെ നിർമാണത്തിന് തറക്കല്ലിട്ടത് ശ്രീ മന്നത്തു പദ്മനാഭനാണ് .1968 ൽ ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്തു .1997 ൽ ഹയർ സെക്കന്ററി സ്കൂളായി ഉയർത്തി .2006 ൽ ഈ വിദ്യാലയത്തിൽ പ്രീ പ്രൈമറി ക്ലാസിനു അംഗീകാരം ലഭിച്ചു . ഇപ്പോൾ പ്രീപ്രൈമറി തലം മുതൽ ഹൈർസെക്കന്ഡറി വരെയുള്ള ജില്ലയിലെ ചുരുക്കം വിദ്യാലയങ്ങളിൽ ഒന്നാണ് ഈ സ്കൂൾ .ഈ വിദ്യാലയത്തിന് 5 ഏക്കർ സ്ഥലം സ്വന്തമായുണ്ട് . ഈ സംസ്ഥാനസർക്കാരിന്റെ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഒരു നിയോജകമണ്ഡലത്തിൽ ഒരു അന്താരാഷ്ട്ര നിലവാരമുള്ള സ്കൂൾ എന്ന പദ്ധതിയിൽ ഈ സ്കൂളിനെ ഉൾപ്പെടുത്തി. അന്താരാഷ്ട്ര നിലവാരത്തിൽ പുതിയ കെട്ടിടങ്ങൾ തുടങ്ങുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു. കേന്ദ്രഗവൺമെന്റിന്റെ പദ്ധതിയായ ATAL TINKERING LAB സ്കൂളിന് അനുവദിച്ചു. പത്തനംതിട്ട ജില്ലയിൽ ആദ്യത്തെ ATAL TINKERING LAB ആണ് ഈസ്കൂളിൽ പ്രവർത്തനമാരംഭിക്കുന്നത്.

# ഭൗതികസൗകര്യങ്ങൾ

ഹൈസ്കൂളിനും ഹയർസെക്കണ്ടറിക്കും വെവ്വേറെ കമ്പ്യൂട്ടർ ലാബുകളുണ്ട്. രണ്ട് ലാബുകളിലുമായി ഏകദേശം അമ്പതോളം കമ്പ്യൂട്ടറുകളുണ്ട്. രണ്ട് ലാബുകളിലും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാണ്.

## പാഠ്യേതര പ്രവർത്തനങ്ങൾ

- ക്ലാസ് മാഗസിൻ.
- ലിറ്റിൽ കൈറ്റ്സ്
- J R C
- വിദ്യാരംഗം കലാ സാഹിത്യ വേദി.
- പെൺകുട്ടികൾക്ക് കരാട്ടെ പരിശീലനം

## • ക്ലബ്ബ് പ്രവർത്തനങ്ങൾ.

- കലാ ,കായിക ,പ്രവർത്തി പരിചയ മേഖലകളിൽ കുട്ടികൾക്ക് പരിശീലനം .പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് എല്ലാ ദിവസവും രാവിലെയും വൈകുന്നേരവും സ്പെഷ്യൽ ക്ലാസുകൾ .കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷിഭവന്റെ സഹായത്തോടെ വിദ്യാർത്ഥികൾക്ക് വാഴവിത്തുകളും പച്ചക്കറിവിത്തുകളും നൽകി .ആയുർവേദ വകുപ്പിന്റെ നേതൃത്വത്തിൽ കുട്ടികൾക്ക് മെഡിക്കൽ ക്യാമ്പും ഔഷധസസ്യ പരിപാലനവും

## • നേട്ടങ്ങൾ

*** SSLC പരീക്ഷയിൽ 100 ശതമാനം വിജയം**

*** സംസ്ഥാന തലത്തിൽ ശാസ്ത്ര മേളയിൽ പങ്കെടുത്ത് ഉയർന്ന സ്ഥാനങ്ങൾ കരസ്ഥമാക്കി**

# പ്രളയം

മഴയിറ്റുവീഴാൻ കൊതിച്ച നമ്മൾ
മഴവേണ്ട വേണ്ടെന്നു കേണിടുമ്പോൾ
മഴനീരുവീണു തളിർക്കേണ്ട കാഴ്ചകൾ
മഴനീർ പൊയ്കയായ് മാറിടുന്നോ?

പ്രളയം പറയാതെ വന്നെത്തുമഥിതിയോ
പ്രതികാരദാഹിയായായാടും നിർഭീതമോ
പ്രകൃതിയെ നോവിച്ചു വാങ്ങിയ ശാപമോ
പ്രവചനത്തിൽ തെളിയാത്ത രാഹുവോ

ചരണം മണക്കുന്ന മദജലപ്പാച്ചിലിൽ
മടവെട്ടിയെത്രയോനെഞ്ചുപൊട്ടി
മലയിലെ ഉരുളിൽ നിന്നുരുളുന്ന കല്ലാൽ
മറതീർത്ത മൺപുഴ ഡാമിലെത്തി

# വേനൽ മഴ

വേനലിലമരുന്ന
മലർകാലത്തിലെന്റെ
ആശകളൊന്നൊന്നായി
വാടിവീണലിയവേ,
ഒരു തുള്ളി നീരിന്നായി
കേഴുന്ന വേഴാമ്പലായ്
ഇനിയുമണയാത്ത
കുളിരു കാക്കുന്നു ഞാൻ.

ഗാർഗ്ഗിതൻ ചോദ്യങ്ങളെ
മാറാല മൂടുന്നതും...
ഏകലവ്യന്റെ വിരൽ
ചിതല്പ തിന്നുന്നതും...
"അരുതേ കാട്ടാളാ..."
എന്നോതുന്ന വാത്മീകിയെ
അരങ്ങിൽ നിഷാദനങ്ങമ്പെയ്തു
വീഴ്ത്തുന്നതും...
അങ്ങനെയൊടുങ്ങാത്ത
പേക്കിനാവുകളെന്റെ
ഉറക്കം മുറിക്കുന്നൊ-
രഗ്നിയായ് പടരുന്നു...

പീഡനകാലത്തിന്റെ
വേനലാണെരിയുന്നു...
തീയാളും ചിതയിതി-
ലസ്ഥികൾ പൊട്ടീടുന്നു...

ഉണക്കമരത്തിന്റെ
വേതാളശിഖരങ്ങ-
ളായിരം നഖരങ്ങളാൽ
നമ്മേ വളയുന്നോ...

നിള തന്നുറവകൾ
വറ്റുന്നു...കുളിരോലു-
മിളം കാറ്റൊട്ടുങ്ങുന്നു...
രാത്രിയാകുന്നു സഖീ...

കനൽക്കാറ്റുകളാഞ്ഞു
വീശുമീ മണൽക്കാട്ടിൽ
ഒറ്റപ്പെട്ട നാം
ദിശ തെറ്റിയിങ്ങലയവേ...
വാത്സല്യ ഹരിതമാം
പാതകളൊരുക്കി നീ
നെഞ്ചകം കുളിർപ്പിക്കാൻ
മഴയായണഞ്ഞെങ്കിൽ...

## പ്രളയം

വാർത്തകളിൽ-
പ്രളയം...
കണ്ണീരിന്റെ,
പ്രളയം...
മഴ ദൈവങ്ങളും
കനിഞ്ഞു...
പ്രളയം.
എങ്കിലും ദുഃഖം!
ഓർമ്മകളും മറഞ്ഞു...
പ്രളയത്തിൽ.
സ്വപ്നങ്ങളും ഒഴുകി-
പ്രളയത്തിൽ.
ഒടുവിൽ വന്ന
പത്ര വാർത്തയിൽ-
ഒരു കടലിരമ്പൽ!
വാർത്തയുടെ ഉള്ളിലിങ്ങനെ-
"ഞാൻ കാത്തിരിക്കുകയാണ്
നീ തിരിച്ചുവരുമെന്ന
പ്രതീക്ഷയിൽ"
പ്രളയം...!
ഹൃദയത്തിലും,
വാർത്തയിലും...!



# നഗരത്തിലെ ഓണം

ഇപ്പോൾ ഓണം തുടങ്ങുന്നത്
ജയനഗർ നാലാം ബ്ലോക്കിലെ
പൂ വിൽക്കുന്ന തെരുവിലാണ്.
തുമ്പയും , മുക്കുറ്റിയും നാട്ടിൽ മാത്രം.

മകൾക്കു വേണം..ഓണപ്പൂവുകൾ...
അരക്കിലോ മഞ്ഞ, ചുവപ്പ് ,
മാരിഗോൾഡും, ജാസ്മിനും...
കരിംപച്ച നിറമുള്ളിലകൾ.

ഇനിയൊരു നല്ല പടം വേണം.
ഇന്റർനെറ്റിൽ തിരയാമെന്നവൾ...
ചിത്രശലഭങ്ങൾ പിറക്കുന്ന പോൽ
പ്രിന്ററിൽ പലവർണ്ണപ്പൂക്കളങ്ങൾ.

മണ്ണും മുറ്റവുമന്യം നിന്നൊരീ
നഗരകാലത്തിൽ, വീട്ടിലെ
സന്ദർശകർക്കുള്ള മുറിയിൽ
വരക്കുന്നു ഞാനൊരോർമ്മപ്പൂക്കളം.

## പ്രളയ പുസ്തകം

കേരളം ഒരിക്കലും പ്രളയമായിരുന്നു കടന്നുപോയത്. ഒരിക്കലും പ്രതീ ക്ഷിക്കാത്ത പ്രളയം. ഏതാണ്ട് ഒരു നൂറ്റാണ്ടിന്റെ ഇടവേളയിൽ മലയാള ക്കരയെ വീണ്ടും ജലക്കെടുതിയിലേക്ക് നയിച്ച പ്രതിഭാ സം.അതിൽനിന്ന് ജനങ്ങളെല്ലാം പാഠങ്ങൾ ഉൾക്കൊണ്ടു. ഒത്തൊരുമയിലൂടെ അതിജീവനവും പ്രകൃതിയെ മറക്കാതെയുള്ള വികസനവും വേണമെന്ന പാഠം.

ഒട്ടേറെ കാര്യങ്ങൾ പഠിപ്പിച്ച പ്രളയത്തിൽനിന്ന് ഒരു പുതുപ്പി റവിയുണ്ടായി. പ്രളയാക്ഷരങ്ങൾ എന്ന അക്ഷരപാഠ ഗ്രന്ഥം. പ്രളയം മാത്രം വിഷയമാക്കിയുള്ള ഈ നൂറ്റാണ്ടിന്റെ പുസ്തകത്തിന് സവിശേഷതകളേറെയുണ്ട്. ഇതിൽ കഥകളുണ്ട്. കവിതയുണ്ട്. നോവലിന്റേയും ആത്മകഥയുടേയും പ്രളയവുമായി ബന്ധപ്പെട്ട ഭാഗങ്ങളുണ്ട്. പഠനങ്ങളും കുറിപ്പും അഭിമുഖവും ലേഖനങ്ങളുമുണ്ട്. പ്രളയത്തിന്റെ ചിത്രങ്ങളും. അത്തരത്തിൽ നോക്കിയാൽ കേരളസാഹിത്യ അക്കാദമി പുറത്തിറക്കിയ പ്രളയാക്ഷരങ്ങൾ എന്ന ഗ്രന്ഥം സമഗ്രപ്രളയപുസ്തകംതന്നെ. അച്ചടി ചരിത്രത്തിലെ ആദ്യസംഭവം.

215 പേജുകളിൽ പ്രളയസാഹിത്യങ്ങളും ചിത്രങ്ങളുമ ടങ്ങിയ ഗ്രന്ഥം 200 രൂപയ്ക്ക് വിൽക്കും. കിട്ടുന്ന പണം മുഴുവൻ സർക്കാറിന്റെ പ്രളയദുരി താശ്വാസനിധിയിലേക്ക്. 99-ലെ വെള്ളപ്പൊക്കത്തിന്റെ കൂടുതൽ രേഖകളൊന്നും നമ്മുടെ പക്കലില്ല. അതിനാൽ ഈ പ്രളയത്തിന്റെ അപൂർവമായ രേഖ

വാങ്ങിസൂക്ഷിക്കാം. വരും തലമുറയ്ക്ക് ഇതൊരു മുതൽക്കൂട്ടാകും. പ്രളയത്തിൽ സകലതും നശിച്ചവർക്ക് താങ്ങാകുന്ന സർക്കാറിന് സഹായകവുമാകും. മന്ത്രി സി. രവീന്ദ്രനാഥാണ് ഇത്തരമൊരു പുസ്തകത്തിനായുള്ള ആശയം മുന്നോട്ടുവെച്ചത്.

## പുസ്തകത്തിൽനിന്ന്

മുഖ്യമന്ത്രിയുടെ സന്ദേശം, സാഹിത്യ അക്കാദമി പ്രസിഡന്റിന്റെ കുറിപ്പ് എന്നിവയോടെ തുടങ്ങുന്ന പുസ്തകത്തിൽ തകഴിയുടെ വെള്ളപ്പൊക്കത്തിൽ എന്ന കഥയാണ് ആദ്യം.

സി.വി. ശ്രീരാമന്റെ വാസ്തുഹാരയിൽക്കൂടിയാണ് അടുത്ത പ്രളയയാത്ര.

ടി. പത്മനാഭന്റെ കാലവർഷം അടുത്ത കഥ പറയുന്നു

***********************

പ്രളയാക്ഷരങ്ങൾ പുസ്തകത്തിൽ സി.വി. രാമൻപിള്ളയുടെ രാമരാജ ബഹദൂർ, കോവിലന്റെ തോറ്റങ്ങൾ, കാക്കനാടന്റെ ഒറോത, എം.ടി. വാസുദേവൻനായരുടെ നാലുകെട്ട്,എൻ.എസ്. മാധവന്റെ ലന്തൻബത്തേരിയിലെ ലുത്തിനിയകൾ തുടങ്ങിയ നോവലുകളിലെ പ്രളയഭാഗങ്ങളാണുൾപ്പെടുത്തിയിരിക്കുന്നത്.

*****************

## ആത്മകഥാ ഭാഗങ്ങൾ

കെ.പി. കേശവമേനോന്റെ ബന്ധനത്തിൽനിന്ന് , മൊയ്യാരത്ത് ശങ്കരന്റെ വെള്ളപ്പൊക്ക കെടുതിയും റിലീഫ് പ്രവർത്തനവും, വൈക്കം മുഹമ്മദ് ബഷീറിന്റെ വലിയ കരിന്തേൾ, ചെറുകാടിന്റെ െവള്ളപ്പൊക്കം, പി. ഭാസ്കരന്റെ പൈതൃകം, കല്ലേൻ പൊക്കുടന്റെ മൺകലം വീണുടയും പോലെ, ദേവകി നിലയങ്ങോടിന്റെ വെള്ളം എന്നീ അനുഭവ- ആത്മകഥയിലെ പ്രളയാനുഭവങ്ങളുെട ഭാഗങ്ങളാണ് എടുത്തിരിക്കുന്നത്.

## കവിതകൾ

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ അതിവാത വർഷം, കട്ടക്കയത്തിൽ ചെറിയാൻ മാപ്പിളയുടെ ശ്രീയേശു വിജയം, തിരുനെല്ലൂർ കരുണാകരന്റെ മഴ, സച്ചിദാനന്ദന്റെ പ്രളയാവസാനം, ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ സ്നേഹം, ഏഴാച്ചേരി രാമചന്ദ്രന്റഇപ്പോൾ, പി.പി. രാമചന്ദ്രന്റെ ഒന്നാം പാഠം, രാവുണ്ണിയുടെ പ്രളയം കടക്കുന്നതെങ്ങനെ, പി.എൻ. ഗോപീകൃഷ്ണന്റെ ജലത്തിന് എത്ര ചിറകുകളുണ്ട് എന്നീ കവിതകളാണ് പ്രളയാക്ഷരങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

സി. രാധാകൃഷ്ണൻ, അശോകൻ ചെരുവിൽ, അഷ്ടമൂർത്തി, െബന്യാമിൻ, കെ.എസ്.രവികുമാർ, ജെ. ദേവിക, സുഭാഷ് ചന്ദ്രൻ, കെ.ജി. ബാബു, മ്യൂസ് മേരി ജോർജ്, ദിനേശ് വർമ, ടി.കെ. സന്തോഷ് കുമാർ, സി.എസ്. വെങ്കിടേശൻ എന്നിവരുടെ പഠനങ്ങളും കുറിപ്പുകളും സാറാ ജോസഫിന്റെ അഭിമുഖവും ഉൾപ്പെടുന്നുണ്ട് പ്രളയാക്ഷരങ്ങളിൽ.

# ഈ പെയ്യുന്ന മഴയിലിതാ ഞാനിങ്ങനെ

*" ഒരു മഴപ്പൊടി നിന്റെ കൺപീലിയിൽ*

*സ്ഫടികബിന്ദുപോൽ മിന്നിത്തിളങ്ങുന്നു.*

*അതിലൊരായിരം ദീപങ്ങൾ കത്തുമെൻ .*
*പ്രണയതാരകക്ഷേത്രം വിളങ്ങുന്നു! ",...*
*" ശാഖയോരോന്നിലും പെയ്തു പെയ്തു നീ*
*നിജ വനം തേടി എങ്ങോ മറഞ്ഞു പോയ്*
*ഗത നിമിഷ സ്മൃതികളിൽ, പിന്നെയും*
*ജലകണം പെയ്തു ഞാനെന്ന പൂമരം"*
*" മേഘമായി അലയാൻ പോവുകയാണ്*
*ഒറ്റയ്ക്ക് വഴിക്കെങ്ങാൻ*
*നിന്നെ കണ്ടു പോയാൽ പെയ്തു പോയേക്കും*
*" അകമഴക്കാലങ്ങൾ കവിതയും കണ്ണീരും*
*തോരാപ്രളയദുഖഃ- ത്തിനുന്മാദനർത്തനം! "- ...*
*" ഇനിയുമേറെ നനയാനുണ്ടെന്ന് ഞാൻ...*
*ഇതിലുമേറെ പെയ്യാനുണ്ടെന്ന് നീ..*
*പ്രണയത്തിന്റെ ഒളിയിടങ്ങളിറങ്ങി വന്ന്*
*മഴച്ചുണ്ടുകളാൽ നീയെന്നെ ദംശിക്കുമ്പോൾ*
*ഇനിയുമിനിയും നനയുന്നതിനെക്കുറിച്ച്*
*മാത്രം ഞാൻ സ്വപ്നം കാണുന്നു...*
*" പെരുമഴപേടിച്ച് മുറിയടച്ചുകിടന്ന്,*
*സ്ക്രീൻ സേവറായിട്ട പുഴയിലേക്ക് നുഴഞ്ഞ്,*
*കുത്തൊഴുക്കിലാഞ്ഞ്*
*ജലഭോഗമാടവേ...*

# തോരാതെ പെയ്യുന്ന മഴ

*മഴയൊന്നു പെയ്യുമ്പോൾ*
*പുഴയൊന്നു നിറയുമ്പോൾ*
*കടലൊന്നു പിണങ്ങുമ്പോൾ*

*കുടിലൊന്നു കരയുമ്പോൾ*
*മഴ പോലെ പെയ്യുമ്പോൾ*
*പുഴ പോലെ നിറയുമ്പോൾ*

*കടൽ വീണ്ടും പിണങ്ങുമ്പോൾ*
*കുടിൽ വീണ്ടും കരയുമ്പോൾ...*
*മഴ വീണ്ടും പെയ്യുമ്പോൾ*
*പുഴ വീണ്ടും നിറയുമ്പോൾ...*

ജിബിൻ കെ.എസ്.

# ഓണക്കടം

*ഓണം കഴിഞ്ഞ പൂക്കളത്തോട്*
*ബാക്കിവന്ന വിത്തുകൾ ചോദിച്ചു...*
*"നിറങ്ങളും പ്രണയവും കടം തരുമോ"*

*പൂവട്ടിയിൽ നിന്നും വീണ തുമ്പപ്പൂവിനോട്*
*ചിങ്ങമേഘക്കിടാങ്ങൾ ചോദിച്ചു..*
*"എൻമഴക്കുറുപ്പിനിത്തിരി വെണ്മ കടം തരുമോ"*

*എച്ചിൽകുഴിയിലെ തൂശനിലക്കീറിനോട്*
*തെരുവുകുഞ്ഞിന്റെ കണ്ണീരു ചോദിച്ചു...*
*"എൻ പൈങ്ങൾക്കൊരിത്തിരി ഓണം കടം തരുമോ"*

അഭിരാം ആർ

# കിനാവു കാണുന്ന പക്ഷികൾ

*വാക്കിരമ്പത്തിന്റെ*
*നഗര രാത്രിയിൽ*
*ഒരു പുരാതന സ്മൃതി*

*പോലടരുന്ന താരകം.*
*ചതുരങ്ങളിൽ കൂട്ടുകൂട്ടി*
*കൊരുത്തിരിക്കുന്നു*

*വാക്കു കൊത്തി കിനാവു*
*കാണുന്ന പക്ഷികൾ ...*
*തിരയൊടുങ്ങാതീരങ്ങൾ നാം;*
*ഇരവിന്റെയതിരുകൾ -*

*ക്കപ്പുറമിപ്പുറം പെയ്യുന്ന*
*പച്ച വറ്റാത്ത പൂമണങ്ങൾ ...*

**അഭിഷേക് പി ഉണ്ണിത്താൻ**

# വരുമൊരോണക്കാലം

*എരിവേനൽക്കാലം, വെയിൽ കത്തുന്നു*
*മരം കരിയുന്നു കാറ്റിനു തീച്ചൂട്*

*ചൂടാണ്, ചുറ്റിനുമുള്ളിലും*
*എവിടെയും എപ്പോഴും ചൂട്*

*മണ്ണിന് ചുച്ചൂട്, മനുഷ്യന്യുച്ചിച്ചൂട്*
*തെരഞ്ഞെടുപ്പ് രാഷ്ട്രീയച്ചൂട്*

*ആരോപണ വാഗ്വാദച്ചൂട്*
*പലർക്കും പല വികാരച്ചൂട്*

*നരാധമർക്ക് കാമച്ചൂട്*
*കലാലയങ്ങളിൽ റാഗിംങ് ചൂട്*

*അൻസുമോൾ അനിൽ*

*നാം തുടർന്നു വന്ന മാലിന്യസംസ്കരണ പദ്ധതികൾ എല്ലാം തന്നെ പരാജയപ്പെട്ടിരിക്കുന്നു. വിളപ്പിൻശാല മുതൽ വടവാതൂർ വരെ കേന്ദീകൃത മാലിന്യപദ്ധതികൾ ജനങ്ങളെ എങ്ങനെയെല്ലാം ബുദ്ധിമുട്ടിച്ചു എന്ന് നാം മനസ്സിലാക്കിയിട്ടുള്ളതാണ്. ഉറവിട മാലിന്യസംസ്കരണം തന്നെയാണ് കാരളത്തിനും ഏറെ അഭിമാനവും. മാലിന്യം എവിടെ ഉൽപാദിപ്പിക്കുന്നുവോ അവിടെത്തന്നെ സംസ്കരിക്കുവാൻ കഴിയുന്നതാണ് കേരളത്തനു നല്ലത്.*

## ***ഗാർഹികമാലിന്യസംസ്കരണം***

*ഉറവിടമാലിന്യസംസ്കരണം പരിപാടികൾ പ്രകാരം ഗാർഹിക മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് പലവിധം മാർഗങ്ങളുണ്ട്.*

## *1)**കുഴിക്കമ്പോസ്റ്റിഗ്***

*ഏറ്റവും പ്രാചീനമായ മാലിന്യസംസ്കരണ രീതിയാണിത്. വെള്ളക്കെട്ടിലല്ലാത്ത സ്ഥലത്ത് 60 സെ.മീ. വീതിയിലും ഒരു മീറ്റർ ആഴത്തിലും രണ്ട് കുഴികളെടുത്ത് കുഴികളിൽ മാലിന്യം സംസ്കരിച്ച് കമ്പോസ്റ്റാക്കിമാറ്റുന്ന പദ്ധതിയാണിത്. അഴുകുന്ന എന്തു മാലിന്യവും കമ്പോസ്റ്റാക്കി മാറ്റാം എന്ന പ്രത്യേകത ഇതിനുണ്ട്. കുഴിയുടെ അടിഭാഗത്ത് ചാണകം അൽപ്പം ഇടുന്നത് മാല്ന്യസംസ്കരണം ത്വരിതപ്പെടുത്തും. ഒരു കുഴി ഏകദേശം ആറുമാസത്തെ ജൈവമാലിന്യങ്ങൾ സംസ്കരിക്കാൻ മതിയാകും. കുഴി നിറയുമ്പോൾ അതിന്റെ മുകൾവശത്ത് 6 ഇഞ്ച് കനത്തിൽ മണ്ണിട്ട് മൂടി സൂക്ഷിക്കുക.ഇത് 4 മുതൽ 6 മാസത്തിനകം വളമായി മാറുന്നതാണ്*

## ***2)പൈപ്പ് കമ്പോസ്റ്റ്***

*വീടുകളിൽ ഉണ്ടാകുന്ന ജൈവമാലിന്യങ്ങൾ രണ്ട് പൈപ്പുകളിലായി നിക്ഷേപിച്ച് ഓരോ പൈപ്പുകളും നിറഞ്ഞ 30 മുതൽ 40 ദിവസം കഴിയുമ്പോൾ മാലിന്യം ഒന്നാം തരം ജൈവവളമാക്കി മാറ്റുന്ന പ്രക്രിയയാണിത്.ഒരു മീറ്റർ നീളമുള്ള രണ്ട് പി.വി.സി. പൈപ്പുകൾ പറമ്പിൽ ഏകദേശം 30 സെ.മീ.*
*താഴ്ചയും 200 മില്ലീ.മീ. വ്യാസവുമുള്ള കുഴിയിൽ ലംബമായി ഉറപ്പിച്ച് നിർത്തുക. ശേഷം മൂടികൊണ്ട് പൈപ്പുകൾ മൂടുക. ഇതിൽ ഒന്നിൽ*

*ദിനംപ്രതി ഉണ്ടാകുന്ന ഗാർഹിക മാലിന്യങ്ങൾ നിക്ഷേപിക്കുക. ഈ പൈപ്പ് നിറഞ്ഞശേഷം അടുത്തതിൽ മാലിന്യം നിക്ഷേപിച്ച് തുടങ്ങുക. ഉപയോഗിച്ച് തുടങ്ങുന്നതിന് മുൻപ് പൈപ്പിൽ ഒരു കപ്പ് ചാണകവെള്ളം തളിക്കുന്നത് കമ്പോസ്റ്റിങ് പ്രക്രിയയെ ത്വരിതപ്പെടുത്തും. ആഴ്ചയിൽ ഒന്നോ മറ്റും മാലിന്യത്തിനുമുകളിലായി ചാണകവെള്ളമോ , ശർക്കര കലക്കിയ വെള്ളമോ ഒഴിച്ചാൽ മാലിന്യം അതിവേഗം വളമായി മാറുന്നതാണ്. നിറഞ്ഞ് 30- 45 ദിവസം കൊണ്ട് ആദ്യപൈപ്പിലെ മാലിന്യങ്ങൾ കമ്പോസ്റ്റായി മാറുന്നതും അത് പുറത്തെടുത്ത് വളമായി ഉപയോഗിക്കാവുന്നതുമാണ്.*

## *3)**മണ്ണിരക്കമ്പോസ്റ്റിംഗ്.***

*മണ്ണിരക്കമ്പോസ്റ്റ് ബേസിനുകൾ അഥവാ ടാങ്കുകൾ ഇന്ന് ലഭ്യമാണ്. 25 ലിറ്റർ വ്യാപ്തിയുള്ള 2 ബേസിനുകളിൽ ചകിരിനാരു വിരിച്ച് അതിനു മുകളിൽ ചാണകപ്പൊടി വിതറി അടിസ്ഥാനനിര ഇട്ടതിനുശേഷം മണ്ണിരകളെ (100 എണ്ണം) ഇടുക. അതിനുമുകളിൽ ജൈവാവശിഷ്ടങ്ങൾ കൊത്തിയരിഞ്ഞ് ഇടുക. ബേസിൻ നിറയുമ്പോൾ ചണകച്ചാക്ക് വിരിച്ച് പൊതിഞ്ഞുവയ്ക്കുക. ഇടയ്ക്കിടയ്ക്ക് വെള്ളം തളിച്ച് കൊടുക്കണം. തുടർന്ന് അടുത്ത ബേസിൻ ഉപയോഗിക്കുക. 2 ആഴ്ച കഴിയുമ്പോൾ ആദ്യത്തെ ബേസിനിലെ മാലിന്യം വളമായിമാറും. ആ ബേസിനിലെ ചാക്കുമാറ്റി സൂര്യപ്രകാശം തട്ടുന്ന രീതിയിൽ വയ്ക്കുക. ഒന്ന് രണ്ട് ദിവസത്തിനകം മണ്ണിരകൾ ബേസിന്റെ അടിത്തട്ടിലേക്ക് വലിയും.ഈ സമയം വളം മാറ്റിയിട്ട് വീണ്ടും മാലിന്യം ബേസിനിൽ നിക്ഷേപിച്ച് തുടങ്ങാം. ഇത് ഏറെ ജൈവഗുണമുള്ള വളമാണ്.*

### *4)**സോക്കേജ് പിറ്റ്***

*മലിനജലം കെട്ടിനിൽക്കാതെ അരിച്ച് ഭൂമിയിലേയ്ക്ക് ഒഴുക്കിവിടാനുള്ള സംവിധാനമാണ് സോക്കേജ് പിറ്റ്. വെള്ളം ഒഴുകി എത്തുന്ന സ്ഥലത്ത് ഒരു മീറ്റർ വീതിയും ഒരു മീറ്റർ ആഴവുമുള്ള ഒരു കുഴി തയ്യാറാക്കുക. കുഴിയുടെ മുന്നിൽ ഒന്ന് ഭാഗം ചെറിയ കല്ലുകളോ ഇഷ്ടിക കഷ്ണങ്ങലോ ഇട്ട് (ഏകദേശം 15 സെ.മീ. ) നിറയ്ക്കുക. അതിനുമുകളിൽ ഉള്ള മൂന്നിൽ ഒന്ന് ഭാഗം കുറേക്കൂടി ചെറിയ കല്ലുകളോ ഓട് മുറികളോ ഇഷ്ടിക കഷ്ണങ്ങളോ നിറയ്ക്കുക. അതിനുമുകളിൽ കുറച്ച് ഭാഗം ചരലും, അതിനു മുകളിൽ കുറച്ചുഭാഗം മണലും വിരിക്കുക. ഏറ്റവും മുകളിൽ ചകിരി നിരത്തുക. മലിനജലം ഓടയിൽക്കൂടി സോക്കേജ് പിറ്റിലേയ്ക്ക് ഒഴുക്കുക.*

# മഴപെയ്യുന്ന മദ്ദളം കൊട്ടുന്ന

മഴപെയ്യുന്ന മദ്ദളം കൊട്ടുന്ന
പോഴത്തം ബാക്കി പറയാൻമേല.
മാടമ്പിമാർക്കുടി ചീട്ടുകശക്കുന്ന
മാനത്തു നാലഞ്ചു കാക്ക മലർക്കുന്നു.
പൂവാലന്മാരെല്ലാം മ്ലാകിമണക്കുന്ന
പൂവാലന്മാർ വാല് ചീകിയുണക്കുന്നു.
വാലില്ലാത്തോരെല്ലാം വാലിട്ടെഴുതുന്ന

മഴപെയ്യുന്ന, മദ്ദളം കൊട്ടുന്നു....
പാണൻ പഴഞ്ചീലപ്പാട്ടുമുടുക്കുമായ്
പാളയത്തൂടെ പനച്ചുകൊണ്ടോടുന്ന
ഓണംവന്നിട്ടും ഉണ്ണി പിറന്നിട്ടും
കോരന്റ് കുമ്പിളിലോട്ട വീണു
കോരന്റെ കണ്ണീന്ന ചീരയരി ചിന്നി
ആരുമറിയാതെറുമ്പരിച്ചു
ചീര മുളച്ചില്ല ചിരിയും മുളച്ചില്ല
കോരിക്കുടിക്കെടാ കണ്ണുനീര്
കണ്ണുനീരില്ലേൽ കലക്കവെള്ളം.

**അരുന്ധതി വിജയകുമാർ**

# കൃപാർപ്പണം

*മാനുഷിക ബന്ധമെന്നാൽത്തന്നയോ നൊമ്പര-*
*ക്കാഴ്ചകളനവധിനുകരുന്നോളവളാണെ-*
*ന്നോരോ ശ്രുതി പകരുന്നതിപ്പോൾ തന്നെയെങ്കി-*
*ലുമീ സദസ്സിൽ നിറയുന്നിതാ സ്വരം*

*ശീലമാം മുള്ളുകളെ മാറ്റാതെ , ആ ദുഷ്-*
*ചെയ്തികൾ നമ്മിലും വിരിയുമ്പോളിതാ-*
*ആ കണ്ണുകൾ നിറയുന്നതോർത്തുകൊ-*
*ള്ളേണം, ഇനിയും. ജന്മം ജീവിപ്പതിനായ്*

*മാറ്റാതെയാകൃപാർപ്പണം ലഭിച്ചവളാം ഞാൻ*
*അതെ, എന്നിലും ഔറി  ആ തിരുമുഖശോഭ*
*നിന്ദിപ്പതിനാവില്ലെനിക്കവളെ, ആരെന്നോ*
*ആ അമ്മയാം അമൂല്യസമ്പത്തിനെ*

***ശ്യാം കുമാർ ഇ .എസ്.***

# മഴയെപ്പുണരാൻ

അഴകാർന്ന രാവിലെ നിനവിലിന്നെപ്പൊഴോ
അറിയാതെ ഞാൻകേൾക്കും
മഴതൻ ഇരമ്പലിൽ
അടരാർന്നു വീഴുന്ന ജലകണമൊക്കെയും
ആവോളമുച്ചത്തിലെന്നെ ഉണർത്തവെ
കുളിരുന്ന ദേഹിയും വിറയുന്ന പാദവും
അഭയമാർന്നീടുന്നു ചൂടു പുതപ്പിലായ്

നിനയാത്ത നേരത്തു വന്നെത്തുമീ പെയ്ത്ത്
തിരയുന്നതാരെയതെന്നെയാവാം

അഴലിന്റെ തന്ത്രിയിൽ മീട്ടുമീ ശ്രുതിയെന്നെ
അറിയാതെ വാരിപ്പുണർന്ന പോലെ.

വറ്റിവരളുന്ന ഭൂമിക്ക് മേലിത്
സ്വപ്നതുല്യം തീർത്ത സ്വർഗമായി.

നിദ്രതൻ ആലസ്യമേതുമറിയാതെ
ജാലകപ്പടിയിലായ് കാത്തുനിൽക്കെ

ചിതറുന്നജലകണമോരോന്നെടുത്തു ഞാൻ
കോർത്തു ഹൃദയസ്പന്ദനവും മുത്തുകളായ്

ഇടറുന്ന വീഥിയിലെവിടെയോ മായുന്നു
പൊയ്പ്പോയ കാലത്തിൻ തേങ്ങലുകൾ

പേമാരി പെയ്തുപോയ് പേക്കിനാവൊക്കെയും
മനസ്സിന്നഗാതതയിൽ ബാക്കിയായി

ജാലകത്തിൽ നിന്നു നടുമുറ്റത്തെത്തി ഞാൻ
ആകാശമതിരാക്കി യാത്രയായി.
ഹ്രസ്വമാം പാതകൾ ശ്രുതിമീട്ടി നിൽക്കുമീ
രാവിൽ നിനക്കായി വന്നീടവെ
കേണു,ഞാനാവോളമെന്നെപ്പ

**അയനമോൾ കെ.കെ.**

# മഴത്തുള്ളിത്താളം

മഴത്തുള്ളി തൻ താളം പാടുന്നു
ശാന്തി തൻ ഒരല
പക്ഷി പാടും ഗാനം കേൾക്കു
ശാന്തി തൻ ഒരല
സരിത്തിൽ നീന്തും മത്സ്യം
ശാന്തി തൻ ഒരല
കുട്ടികൾ തൻ തിമർക്കും ചിരിയോ
ശാന്തി തൻ ഒരല
വനത്തിൽ മൂളും ഗാനം
ശാന്തി തൻ ഒരല
ഉദിച്ചസ്തമിക്കും സൂര്യദേവൻ
അലകൾ പാടും ഗാനവും
ശാന്തി തൻ ഒരല
തേടിയെത്തും ശാന്തി പല രൂപത്തിൽ
നമ്മെ മൂടട്ടെ ഈ ശാന്തി തൻ അലകൾ.

*അമൃത ലാൽ*

# IT'S UP TO YOU

*One flower can make the dream,*

*One tree can start a forest,*

*One bird can herald spring,*

*One smile begins a friendship,*

*One hand clap lifts a soul,*

*One star can guide a ship at sea,*

*One word can frame the goal,*

*One sunbeam light a room,*

*One vote can change the nation,*

*One candle wipes out darkness,*

*One laugh will conquer gloom,*

*One step starts each journey,*

*One word starts each prayer,*

*One hope will raise our spirits,*

*One touch can show you care,*

*One voice can speak with wisdom,*

*One heart can know what is true,*

*One life can make the difference,*

*One man can change the whole world,*

*you see it's up to you...*

**Harinarayanan.R**

# THREE THINGS

THREE THINGS of life once gone never comes back

1.Time
2.Words
3.Opportunity

THREE THINGS of life must not be lost

1.Peace
2.Hope
3.Honesty

THREE THINGS of life are must valuable

1.Love
2.Self confidence
3.Friends

THREE THINGS of life are never sure

1.Dream
2.Success
3.Fortune

THREE THINGS make a person

1.Hard word
2.Sincerity
3.Success

THREE THINGS that destroy a man

1.Pride
2.Wine
3.Anger

**Megha Ann Jo**

# TECH - CORNER

## 1)ഇന്റർനെറ്റ് - വലകൾ പൊട്ടിക്കാൻ ഗൂഢനീക്കം

***ഇന്റർനെറ്റ് മുഴുവൻ തട്ടിപ്പുകാരാണ് എന്ന വാർത്തയെക്കാൾ ഭീതി ജനിപ്പിക്കുന്നതാണ് ഒരു രാജ്യത്തേക്കുള്ള ഇന്റർനെറ്റ് ബന്ധം മുഴുവൻ വിച്ഛേദിക്കാനും ഇൻറർനെറ്റിലൂടെ കമ്പനികൾക്കും മറ്റും നേരെ ആക്രമണങ്ങൾ അഴിച്ചുവിടാനും ശ്രമിക്കുന്നവരെക്കുറിച്ചുള്ള വാർത്തകൾ. ഇത്തരം ആക്രമണങ്ങളിലൂടെ പല രാജ്യങ്ങളിലെയും ഫാക്ടറികളെ തകർക്കാനും ജലവിതരണം തുടങ്ങിയ സംവിധാ നങ്ങൾ തയ്യാറാക്കാനുമൊക്കെയുള്ള ശ്രമങ്ങൾ ഇനി പ്രതീക്ഷിക്കാമെന്നാണ് വാർ ത്തകൾ. അതായത് ലോകം ഇരുട്ടിലാക്കാൻ, നിശബ്ദയുദ്ധത്തിനായ് ഒരു സംഘം ഇറങ്ങിയിരിക്കുന്നു.***

***രണ്ട് ചെറിയ ഉദാഹരണങ്ങൾ***


***a) DNS സർവ്വീസ് നൽകുന്ന ഡിൻ (DYN) കമ്പനിയുടെ പ്രവർത്തനം നിശ്ചലമാക്കി ഏകദേശം 12 മണിക്കൂർ സമയം അമേരിക്കയിലെയും ഭൂരിഭാഗം യൂറോപ്പിലെയും ഇന്റർനെറ്റ് വിച്ഛേദിക്കപ്പെട്ടു.***

***b) ആഫ്രിക്കൻ രാജ്യമായ മോറിറ്റേനിയായു ( Mauritania ) ടേ.ഇന്റർനെറ്റ് ബന്ധം രണ്ട് ദിവസത്തേക്ക് ഇല്ലാതാക്കിയത് 2018 ഏപ്രിലിൽ ആണ്.***

## 2) യുവാക്കൾ രാത്രിമുഴുവൻ ടിക് ടോക്കിൽ, മുന്നിൽ കേരളം, കണക്കുകൾ പുറത്ത്

***കേവലം ഒരുവർഷം കൊണ്ട് ലോകം പിടിച്ചടക്കിയ സോഷ്യൽമീഡിയ വീഡിയോ ആപ്പ് ടിക് ടോക്കിന്റെ 2018 വിലയിരുത്തൽ റിപ്പോർട്ട് പുറത്തുവന്നു. ഇന്ത്യയിൽ ഏറ്റവും കൂടുതൽ സന്ദർശകരുള്ളത് കേരളത്തിൽ നിന്നാണ്, ടിക് ടോക്ക് വീഡിയോ നിർമ്മാണത്തിലും കാണുന്നതിലും കേരളീയർ തന്നെയാണ് മുന്നിൽ. കഴിഞ്ഞ ഒരുവർഷത്തെ google serching കണക്കുകളിലും ഇക്കാര്യം വ്യക്തം. ടിക് ടോക്ക് 2018 ഡേറ്റാ പ്രകാരം രാത്രി 11 മുതൽ ഒരുമണി വരെയാണ് ഇന്ത്യാക്കാർ വീഡിയോ കാണാനും പുതിയ വീഡിയോ പോസ്റ്റുചെയ്യാനും സമയം കണ്ടെത്തുന്നത്. ഇത് ദിനചര്യയുടെ കാര്യത്തിൽ ഒരു അപകട സൂചനകൂടി നൽകുന്നുണ്ട്.***

## *Art Gallery*



# FUNNY

# Quiz Corner

Which pan is famous in the world - Japan
Which angle is round in shape - Bangle
Which city is very dangerous - Electricity
Which room can't be used as a shelter - Mushroom
Which ant is very huge - Elephant
Which key can jump - Monkey
Which ant have only two legs - Pants
Which nut has water in it - Coconut
Which ear can't hear - Year
Where do you hungry ants go - Restaurant
In which net do we live - Planet
Which stick is grown in the field - Drumstick
Which drum is not for music - Trivandrum
Which sand can be counted - Thousand
Which pound can't be counted - Compound

# NMMS വിജയികൾക്ക്

# അഭിനന്ദനങ്ങൾ



അഭിരാം ആർ.



ചിന്നു സോമൻ

# അഭിനന്ദനങ്ങൾ

## സംസ്ഥാനപ്രവൃത്തിപരിചയമേളയിലെ മികവിന്



**ജോസിറ്റ് ജോസ്**

USS വിജയിക്ക്

# അഭിനന്ദനങ്ങൾ



ആരതി ആർ.

# നന്ദി...

*All For You* എന്ന ഞങ്ങളുടെ ഈ ഡിജിറ്റൽ മാഗസിനു പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും **നന്ദി...**

Editorial Board